# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1958 — 14.08.2017 — ൽ മറുപടിക്ക്

## റേഷൻ കടകളുടെ പരിഷ്കരണം

**ചോദ്യം**

**ശ്രീ. ജോർജ് എം. തോമസ് :**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റേഷൻ ഉൾപ്പെടെയുളള പൊതുവിതരണ രംഗത്ത് കാലോചിതമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുളളതെന്ന് വിശദമാക്കാമോ;

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)**

(എ) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആധാർ അധിഷ്ഠിത റേഷൻകാർഡുകൾ വിതരണം ചെയ്തു വരുന്നു. പൊതുവിതരണ രംഗത്ത് വ്യക്തിഗത ഭക്ഷ്യധാന്യ മൊത്തവ്യാപാരികളെ (333 എണ്ണം) ഒഴിവാക്കി ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ച് അംഗീകൃത ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരാൽ റേഷൻ ഡിപ്പോകളിലെത്തിക്കുന്ന 'വാതിൽപ്പടിവിതരണം' ഗവൺമെന്റ് അംഗീകൃത ഏജൻസിയായ സപ്ലൈകോയെ ഏൽപ്പിച്ചു. ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) ഉപകരണങ്ങൾ റേഷൻ കടകളിൽ സ്ഥാപിക്കുന്നതു വഴി യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രം റേഷൻ വിതരണം നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി റേഷൻ വിതരണം കമ്പ്യൂട്ടർശൃംഖലയുമായി ബന്ധിപ്പിച്ച് കൂടുതൽ സുതാര്യമാക്കാൻ കഴിയും. കൂടാതെ പൊതുവിതരണ സംവിധാനത്തിലെ പരാതികൾ

പരിഹരിയ്ക്കുന്നതിന് ജില്ലാതല പരാതി പരിഹാര സംവിധാനം എ.ഡി.എം.ന്റെ കീഴിൽ എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനതല കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ചുമതല നൽകിയിട്ടുണ്ട്. ഓൺലൈൻ അലോക്കേഷൻ പ്രാവർത്തികമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ എൻ.ഐ.സി. രൂപപ്പെടുത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ആവശ്യത്തിനുതകുന്നതും ഗുണനിലവാരമുള്ളതുമായ നിത്യോപയോഗ സാധനങ്ങളുടെ വിതരണ കേന്ദ്രമായി റേഷൻ കടകളെ മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) യും (സി) യും | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ